# 13-ാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നമ്പർ: 1941 17/06/2013-ൽ മറുപടിയ്ക്ക്**

**ജനനീ ജൻമരക്ഷാ പദ്ധതി**

| ചോദ്യം | | | ഉത്തരം |
|---|---|---|---|
| ശ്രീ. പി.സി.വിഷ്ണുനാഥ്<br>ശ്രീ. കെ.ശിവദാസൻ നായർ<br>ശ്രീ. എ .റ്റി. ജോർജ്ജ്<br>ശ്രീ. ഐ.സി.ബാലകൃഷ്ണൻ | | | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടിക വർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) | ജനനീ ജന്മരക്ഷാ പദ്ധതിയ്ക്ക് രൂപം നൽകിയിട്ടുണ്ടോ; | എ, ബി, സി & ഡി | ഉണ്ട്. APL/BPL ഭേദമന്യേ പട്ടിക വർഗ്ഗക്കാരായ ഗർഭിണികളുടേയും നവജാത ശിശുക്കളുടേയും ആരോഗ്യ സംരക്ഷണമാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. പട്ടികവർഗ്ഗ വികസന വകുപ്പ് ആരോഗ്യ കുടുംബക്ഷേമ വകുപ്പുമായി സഹകരിച്ചാണ് ഈ പദ്ധതി നടപ്പിലാക്കുന്നത് ഗർഭാവസ്ഥയുടെ 3-ാം മാസം മുതൽ പ്രസവാനന്തരം 12 മാസംവരെ 1000/- രൂപാ നിരക്കിൽ (18X1000=18000)പൂരക പോഷകാഹാരങ്ങൾ വാങ്ങി കഴിക്കുന്നതിനായി നൽകുവാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. അമ്മയുടേയും കുഞ്ഞിന്റേയും ആരോഗ്യ പരിപാലനത്തിനാവശ്യമായി ഓരോ ഘട്ടത്തിലും നടത്തേണ്ടുന്ന വൈദ്യ പരിശോധനകളും, പ്രതിരോധ കുത്തിവയ്പുകളും, തുള്ളി മരുന്നുകളും നൽകിയിട്ടുണ്ടെന്ന് ഉറപ്പു വരുത്തിയതിനു ശേഷം മാത്രമേ തുക നൽകുകയുള്ളൂ. |
| (ബി) | പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ വ്യക്തമാക്കുമോ; | | |
| (സി) | ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത്; | | |
| (ഡി) | പട്ടികവർഗ്ഗക്കാരായ ഗർഭിണികൾക്കും നവജാത ശിശുക്കൾക്കും പോഷകാഹാരം ലഭ്യമാക്കുന്നതിന് എന്തൊക്കെ സേവനങ്ങളാണ് പദ്ധതിയിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ? | | |

സെക്ഷൻ ഓഫീസർ